# നമ്മെ ലജ്ജിതരാക്കാത്ത പ്രത്യാശ

## റോമർ 5 ഒരു ഉൾകാഴ്ച




**പാസ്റ്റർ ജേക്കബ് മാമച്ചൻ**

വേർഡ് ഓഫ് ഗോഡ് ചർച്ച്

ദുബായ്, യു.എ.ഇ.

ദൈവത്തിനു മഹത്വം

നിങ്ങളുടെ ശ്രദ്ധയെ റോമർ 5:5ലേക്ക് കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു, അവിടെ ഇപ്രകാരം വായിക്കുന്നു. 'പ്രത്യാശെക്കോ ഭംഗം വരുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ'.

വായനക്കാരുടെ വിവിധ നിലവാരത്തിലുള്ള ഗ്രൂപ്പിനെ തൃപ്തിപ്പെടുത്തുന്നതിനായി, ചില സുപ്രധാന വശങ്ങൾ ചർച്ച ചെയ്തുകൊണ്ട്, സന്ദർഭത്തിനായി മുകളിലും താഴെയുമുള്ള വാക്യങ്ങൾ സ്പർശിച്ചുപോകുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ലൂക്കോസ് എഴുതിയ സുവിശേഷം 11:13 നോക്കുമ്പോൾ അവിടെ ഇപ്രകാരം നാം കാണുന്നു.

'അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്കു പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും.' സമ്മാനങ്ങൾ നൽകുന്ന രണ്ടു വിഭാഗത്തിലുള്ള ആളുകളെ നമുക്കിവിടെ കാണാം. ദുഷ്ടന്മാരായ ഈ ലോകത്തിലെ പിതാക്കന്മാരും സ്വർഗീയ പിതാവും. പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ നാം ആഗ്രഹിക്കുന്നതിനേക്കാൾ കൂടുതൽ നൽകുവാൻ, നമ്മുടെ സ്വർഗീയ പിതാവ് സന്നദ്ധനാണെന്ന് നാം മനസിലാക്കണം. നമ്മുടെ രക്ഷ വിശ്വാസത്താലാണെങ്കിൽ, പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതും വിശ്വാസത്താലാണ്.

അനേകം വിശ്വാസികളുടെ ആശ്വാസത്തിനായി, ഞാൻ ഇത് സൂചിപ്പിക്കട്ടെ. പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുന്നതിന്റെ ഒരു ബാഹ്യ അടയാളം അനുഭവിക്കാൻ ചില സമയങ്ങളിൽ നാം ആഗ്രഹിക്കുന്നു, അത് ഒരു നല്ല കാര്യമാണ്. എന്നാൽ എല്ലായ്പോഴും നിർബന്ധമായി അങ്ങനെ ആയിരിക്കണമെന്നില്ല. കേവലം ഒരു ബാഹ്യപ്രകടനം കൊണ്ടല്ല, പിന്നെയോ നാം പരിശുദ്ധാത്മാവിനെ വിശ്വാസത്താൽ പ്രാപിക്കേണം.

തിരുവെഴുത്തുകളിൽ നിന്നുള്ള ചില ഭാഗങ്ങൾ ചർച്ച ചെയ്യുമ്പോൾ, ഞാനതു വ്യക്തമാക്കാം. 'കർത്താവേ, അങ്ങയുടെ പരിശുദ്ധാത്മാവിനു നന്ദി!' എന്നു നാം യേശുക്രിസ്തുവിന്റെ സുവിശേഷത്തിൽ വിശ്വസിച്ച് പറയുകയാണെങ്കിൽ, പരിശുദ്ധാത്മാവ് നമ്മുടെ ജീവിതത്തിൽ വസിക്കുന്നതിന് കൂടുതൽ സന്നദ്ധനാണ്.

പരിശുദ്ധാത്മാവിനെ സ്വീകരിക്കുമ്പോൾ നമുക്ക് വൈകാരികമായ അനുഭവം ഇല്ലെങ്കിലോ? എന്താണ് പ്രശ്നം?

ഒരു പ്രശ്നവുമില്ല. പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിലാണ്, അടയാളങ്ങളോ തിരിച്ചറിയലോ കൂടാതെ നാം പ്രതീക്ഷിക്കുന്നത് അവിടെ കാണുവാൻ കഴിയണം. ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർക്ക് കർത്താവ് നൽകുന്നുവെന്ന് തിരുവെഴുത്തുകൾ വ്യക്തമാണ്, ആയതിനാൽ സംശയിക്കരുത്.

റോമർ 5 ലേക്ക് തിരിച്ചുവരുമ്പോൾ 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന വാചകം കാണുവാൻ കഴിയും.

ഇവിടെ പൊതുവിൽ ആശയക്കുഴപ്പമുണ്ടാക്കുന്ന വാക്കാണ് 'പ്രത്യാശ' എന്നത്, കാരണം ഈ വാക്കിന് വിവിധ നിർവചനങ്ങൾ ഉണ്ട്, അപ്പോൾ നമ്മൾ മനസി ലാക്കേണ്ടത് ബൈബിൾ പ്രത്യാശയും, ലൗകിക പ്രത്യാശ യും തമ്മിലുള്ള വ്യത്യാസമാണ്.

മനുഷ്യരുടെ പ്രത്യാശ എന്നത്, ചിലതൊക്കെ സംഭവിക്കാം അല്ലെങ്കിൽ സംഭവിക്കാതിരിക്കാം എന്നുള്ളതാണ്. ഉദാഹരണത്തിന്, പരീക്ഷകൾക്ക് നല്ല വിജയം നമുക്ക് പ്രതീക്ഷിക്കാം. അതല്ലെങ്കിൽ മറ്റു പല വിഷയങ്ങളുടെയും ഭാവി ശുഭകരമാകും എന്ന് പ്രതീക്ഷിക്കാം. എന്നാൽ അതൊക്കെത്തന്നെ ചിലപ്പോൾ നടന്നേക്കാം അല്ലെങ്കിൽ നടക്കാതെവരാം. എന്തുതന്നെയാ യാലും ക്രിസ്തീയ പ്രത്യാശ എന്നുപറയുന്നത്, നാം നമു ക്കുവേണ്ടി ആസൂത്രണം ചെയ്യുന്ന ഭാവിയെ അടിസ്ഥാന മാക്കിയുള്ളതല്ല. ഒരു ക്രിസ്തീയ വിശ്വാസിയുടെ പ്രത്യാശ വേരൂന്നി നിൽക്കുന്നത് ഭൂതകാലത്തിൽ നടന്ന ഒരു സംഭവ ത്തിലാണ്. അതെന്തെന്നാൽ യേശുക്രിസ്തുവിന്റെ മരണം, അടക്കം, പുനരുത്ഥാനം.എന്നതിലത്രേ. അതുകൊണ്ടാണ് പൗലോസ് തിരുവചനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയി രിക്കുന്നത് 'ക്രിസ്തു ഉയിർത്തെഴുന്നേറ്റു എങ്കിൽ നമ്മുടെ പാപങ്ങളിൽനിന്നു നാം രക്ഷിക്കപ്പെട്ടിരിക്കുന്നു.'

പ്രത്യാശ നമ്മെ ലജ്ജിതരാക്കുന്നില്ല അല്ലെങ്കിൽ നിരാ ശരാക്കുന്നില്ല എന്ന് പറയുന്നതിലൂടെ എന്താണ് അവിടെ അർത്ഥമാക്കുന്നത്? എന്തെങ്കിലും നല്ലത് സംഭവിച്ചാൽ, ഭൗതികതലത്തിൽ സുസ്ഥിരമായ ഒരു അവസ്ഥയിലാ യാൽ മാനിക്കപ്പെട്ടു, അല്ലെങ്കിൽ ലജ്ജിതരായിട്ടില്ല എന്ന്

പലരും പലപ്പോഴും പറയാറുണ്ട്. ഉദാഹരണത്തിന്, നല്ല വീടും ജോലിയും കുടുംബവുമൊക്കെയായി നന്നായി നടക്കുന്നുണ്ടെങ്കിൽ, അങ്ങനെയുള്ളവരെക്കുറിച്ച് സമൂഹം പറയും അവർ ലജ്ജിക്കേണ്ടതില്ല എന്ന്. എന്നാൽ പ്രശ്നമുള്ളത് റോമർ 5:5 ൽ കാണുന്ന 'ലജ്ജ' എന്നത് ഈ ലോകത്തിൽ കാണുന്ന എന്തെങ്കിലും ലജ്ജ എന്ന വിഷയത്തെക്കുറിച്ചല്ല.

ഈ ലജ്ജ എന്നുപറയുന്നത് സ്രഷ്ടാവായ ദൈവത്തി നുമുമ്പിൽ മനുഷ്യവർഗത്തിന് അവകാശമായി ലഭിച്ച നാണക്കേടാണ്. ദൈവം ഏദൻ തോട്ടത്തിൽ ഇറങ്ങിവന്ന് 'ആദാം, നീ എവിടെയാണ്?'എന്നു ചോദിച്ചപ്പോൾ അവൻ ലജ്ജിതനായി ഏദൻ തോട്ടത്തിൽ ഒളിച്ചിരുന്നു. എന്നാൽ ദൈവത്തിന്റെ ക്രോധവും കാരുണ്യവും നിമിത്തം അവി ടുന്ന് മനുഷ്യനെ വസ്ത്രം ധരിപ്പിച്ച് തോട്ടത്തിൽ നിന്ന് പുറത്താക്കി. മനുഷ്യവർഗ്ഗത്തിനുണ്ടായ ലജ്ജ എന്നു പറയുന്നത് ആ ദിവസം മുതലായിരുന്നു. അവിടെ ആർ ക്കും ദൈവത്തെ നോക്കി പറയുവാൻ കഴിയുമായിരുന്നില്ല 'ദൈവമേ എന്റെ പാപങ്ങളെ ക്ഷമിക്കേണമേ, എനിക്ക് അങ്ങയുമായി ഒരു ബന്ധം വേണം'. അവിടെ മനുഷ്യൻ പാപം ചെയ്തു ദൈവത്തിൽ നീന്നും വേർപെടുന്ന ഒരു അവസ്ഥയിലായി.

ഇപ്പോൾ ഏത് പ്രത്യാശയ്ക്കാണ് ഇത്തരത്തിലുള്ള നാണക്കേട് നീക്കം ചെയ്യാൻ കഴിയുക? റോമർ 5:9 വായി ക്കുമ്പോൾ, ഈ ലജ്ജയുടെ ഒരു സൂചന നമുക്ക് കാണാം. 'അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷി

ക്കപ്പെടും'.

ദൈവക്രോധം നിമിത്തം മനുഷ്യരുടെ മുകളിൽ ഉണ്ടായ വലിയ അപമാനം, ലജ്ജ, യേശുക്രിസ്തുവി ലുള്ള പ്രത്യാശ നിമിത്തം നമ്മുടെ ജീവിതത്തിൽ നിന്ന് നീക്കം ചെയ്യപ്പെട്ടിരിക്കുന്നു. ഇത് ദൈവശാസ്ത്രപരമായ ലജ്ജയെയും പ്രത്യാശയെയും സൂചിപ്പിക്കുന്നു, നമ്മുടെ സ്വകാര്യ ജീവിതവുമായി ഇതിനു യാതൊരു ബന്ധവുമില്ല.

റോമർ 5:1-2 വായിക്കുമ്പോൾ പൗലോസ്, പ്രത്യാശയെ നിർണായകമായ ഒന്നിലേക്ക് ബന്ധി പ്പിച്ചിരിക്കുന്നതായി നമുക്ക് കാണാം. 'വിശ്വാ സത്താൽ നീതീകരിക്കപ്പെട്ടിട്ടു നമ്മുടെ കർത്താവായ യേശു ക്രിസ്തുമൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ടു. നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു അവന്മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു; നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു.' ഇവിടെ പൗലോസ് ദൈവതേജസിന്റെ മഹത്വവുമായാണ്, പ്രത്യാ ശയെ ബന്ധിപ്പിച്ചിരിക്കുന്നത്. അല്ലാതെ ലോകത്തിലെ ഏതെങ്കിലുമൊരു വിഷയവുമായല്ല.

എന്താണ് ഈ ദൈവത്തിന്റെ മഹത്വം?

റോമർ 3:23 'ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു' എന്ന് വായിക്കുവാൻ കഴിയുന്നു. അതിനർത്ഥം, ദൈവം ആഗ്രഹിച്ചപ്രകാരം മനുഷ്യൻ നേടിയെടുക്കേണ്ടി യിരുന്ന ആ പൂർണമായ തേജസ് കൈവരിക്കുവാൻ ഒരു മനുഷ്യനും കഴിയുമായിരുന്നില്ല. ദൈവത്തിൽ നിന്ന് പുറപ്പെടുന്ന ഏതെങ്കിലും പ്രകാശമല്ല ദൈവത്തിന്റെ

മഹത്വം എന്നത്, പകരം എല്ലാത്തിന്റെയും പൂർണത യുടെ ഒരു പാരമ്യമാണ്. പഴയനിയമത്തിൽ നിന്നുള്ള ഉദ്ധരണിയായ റോമർ 3:10-18-ൽ മനുഷ്യൻ കടന്നു പോയ്കൊണ്ടിരിക്കുന്ന ഒരു കുറവിനെക്കുറിച്ച് പൗലോസ് വിശദീകരിക്കുന്നു

'നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല. ഗ്രഹി ക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായി ത്തീർന്നു; നന്മ ചെയ്യുന്നവനില്ല, ഒരുത്തൻ പോലും ഇല്ല. അവരുടെ തൊണ്ട തുറന്ന ശവക്കുഴി: നാവുകൊണ്ടു അവർ ചതിക്കുന്നു; സർപ്പവിഷം അവരുടെ അധരങ്ങൾക്കു കീഴെ ഉണ്ടു. അവരുടെ വായിൽ ശാപവും കൈപ്പും നിറഞ്ഞിരി ക്കുന്നു. അവരുടെ കാൽ രക്തം ചൊരിയുവാൻ ബദ്ധപ്പെടു ന്നു. നാശവും അരിഷ്ടതയും അവരുടെ വഴികളിൽ ഉണ്ടു. സമാധാനമാർഗ്ഗം അവർ അറിഞ്ഞിട്ടില്ല. അവരുടെ ദൃഷ്ടി യിൽ ദൈവഭയം ഇല്ല' എന്നിങ്ങനെ എഴുതിയിരിക്കുന്നു വല്ലോ.

ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ വഴി, മനുഷ്യർ ദൈവത്തിൽ നിന്നും അകന്നു പോവുകയും അങ്ങനെ ദൈവത്തിന്റെ മഹത്വത്തിൽ നിന്നും മനുഷ്യൻ വീണു പോവുകയും ചെയ്തു. അതുകൊണ്ടാണ് 23-ാം വാക്യത്തിൽ മനുഷ്യൻ തെറ്റ് ചെയ്യുകയും ദൈവമഹത്വ ത്തിൽ നിന്ന് വീഴുകയും ചെയ്തുവെന്ന് പറഞ്ഞുകൊണ്ട് പൗലോസ് അവസാനിപ്പിക്കുന്നത്. പിന്നെയെങ്ങനെയാണ് നമുക്ക് ഈ മഹത്വം കൈവരിക്കാൻ കഴിയുക? എന്താണ് ഈ മഹത്വം?

മഹത്വം എന്നാൽ നമ്മുടെ തലയിലെ കിരീടമാണോ?

മഹത്വം കൊണ്ട് അർത്ഥമാക്കുന്നത്, രോഗികൾ നിറഞ്ഞ ഒരു സ്ഥലത്ത് നിങ്ങൾ പ്രവേശിക്കുമ്പോൾ പലരും സൗഖ്യം പ്രാപിക്കുന്നതിന്റെ അടിസ്ഥാനത്തിലാണോ?

റോമർ 5:11 ദൈവത്തിൻറെ മഹത്വം എന്താണെന്നതിനുള്ള ഉത്തരം നൽകുന്നു, അവിടെ നാം വായിക്കുന്നു

'അത്രയുമല്ല, നമുക്കു ഇപ്പോൾ നിരപ്പു ലഭിച്ചതിന്നു കാരണമായ നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തരം നാം ദൈവത്തിൽ പ്രശംസിക്കയും ചെയ്യുന്നു.'

നമുക്ക് അനുരഞ്ജനം അഥവാ നിരപ്പ് ലഭിച്ചു അതാണ് നമുക്ക് ലഭിച്ച മഹത്വം, ഇതാണ് നമ്മുടെ പ്രത്യാശ.

യേശുക്രിസ്തുവിന്റെ പുനരുത്ഥാനവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഈ പ്രത്യാശ ഒരിക്കലും ലജ്ജ ഉണ്ടാക്കുന്നില്ല. അതുകൊണ്ട്, നമ്മുടെ ജീവിതസാഹചര്യങ്ങൾ എന്തുതന്നെയായാലും, നാം സന്തോഷവാന്മാരാണെന്ന് നമുക്ക് ആത്മവിശ്വാസത്തോടെ പറയാൻ കഴിയും. കാരണം നാം പിതാവുമായി നിരപ്പു പ്രാപിച്ചിരിക്കുന്നു. നമ്മുടെ ലജ്ജയും നമ്മുടെമേലുള്ള ദൈവക്രോധവും നീക്കപ്പെട്ടിരിക്കുന്നു.

പഴയനിയമത്തിലെ രണ്ട് ഭാഗങ്ങളിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കട്ടെ. അത് ലജ്ജാകരമല്ലാത്ത പ്രത്യാശയുടെ സൗന്ദര്യം കുറച്ചുകൂടെ വ്യക്തമാക്കുവാൻ

ഉപകരിക്കും.

1) സങ്കീർത്തനം 22:5 ഇങ്ങനെ വായിക്കുന്നു, 'അവർ നിന്നോടു നിലവിളിച്ചു രക്ഷപ്രാപിച്ചു; അവർ നിങ്കൽ ആശ്രയിച്ചു, ലജ്ജിച്ചുപോയതുമില്ല'

ഈ വാക്യം നമ്മുടെ വ്യക്തിപരമായ ജീവിതവുമായി ബന്ധപ്പെടുത്താൻ നാം പലപ്പോഴും തിടുക്കം കൂട്ടുന്നു, തിരുവെഴുത്തുകൾ വളച്ചൊടിച്ച്, ദൈവത്തിൽ വിശ്വസിച്ചിരിക്കുന്നതിനാൽ ഞങ്ങൾ ലജ്ജിച്ചുപോകയില്ല എന്നു പറയുകയും ചെയ്യുന്നു. ദൈവരാജ്യത്തിന്റെ സൗന്ദര്യത്തെ ഭൗതികമായ പ്രത്യാശയിലേക്ക് നാം പരിവർത്തനം ചെയ്യുന്നു. ഭൗതിക തലത്തിൽ ദൈവം നമ്മുടെ ജീവിതത്തെ സ്പർശിക്കില്ലെന്ന് ഞാൻ പറയുന്നില്ല, എന്നാൽ ദൈവവചനത്തിന് അതിന്റെ യഥാർത്ഥമായ വലിയ വ്യാഖ്യാനമുണ്ട്. ആ ഉയർന്ന നിർവചനത്തിൽ നാം മുറുകെ പിടിക്കണം. ഈ സങ്കീർത്തനത്തിന്റെ ആരംഭഭാഗം യേശുക്രിസ്തു ക്രൂശിൽ വെച്ച് ഉദ്ധരിച്ചതാണ്. അപ്പോൾ സങ്കീർത്തനക്കാരൻ പറഞ്ഞ ലജ്ജിക്കാത്ത പ്രത്യാശ എന്നത് എന്തായിരുന്നു? സങ്കീർത്തനത്തിന്റെ അവസാനത്തിൽ, 27, 31 വാക്യങ്ങളിൽ നാം വായിക്കുന്നു.

'ഭൂമിയുടെ അറുതികൾ ഒക്കെയും ഓർത്തു യഹോവയിങ്കലേക്കു തിരിയും; ജാതികളുടെ വംശങ്ങളൊക്കെയും നിന്റെ മുമ്പാകെ നമസ്കരിക്കും.' 'അവർ വന്നു, ജനിപ്പാനുള്ള ജനത്തോടു അവൻ നിവർത്തിച്ചിരിക്കുന്നു എന്നു അവന്റെ നീതിയെ വർണ്ണിക്കും.' സങ്കീർത്തനക്കാരൻ കാണുന്ന ലജ്ജാകരമല്ലാത്ത പ്രത്യാശ എന്നത്, ലോകത്തിലെ സകല രാജ്യങ്ങളും വന്ന് ഒരേയൊരു

യഥാർത്ഥ രാജാവിനെ ആരാധിക്കുന്നതിനെയാണ്.

മത്തായി 28:18-20 ൽ യേശുക്രിസ്തു സംസാരിക്കുമ്പോൾ ഇതാണ് അർത്ഥമാക്കുന്നത്. 'സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു' എന്നു അരുളിച്ചെയ്തു.

2) യെശയ്യാവ് 28:16 വായിക്കുന്നു,

'അതുകൊണ്ടു യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധനചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ലു ഇട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല.'

ഇതാണ് നമുക്കുള്ള മിശിഹായെ സംന്ധിച്ചുള്ള പ്രത്യാശ. റോമർ 5ലേക്കാണ് ഈ പഴയനിയമഭാഗങ്ങളെല്ലാം വിരൽ ചൂണ്ടുന്നത്. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റുവെന്ന പ്രത്യാശ ലജ്ജാകരമല്ല ദൈവവുമായി അനുരഞ്ജനത്തിലായിരുന്നില്ലെങ്കിൽ മനുഷ്യവർഗമാകെ നാണക്കേടിലാകുമായിരുന്നു. എന്നാൽ ഇപ്പോൾ, നാം യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ പ്രത്യാശ വെച്ചിരിക്കുന്നതിനാൽ, നമ്മുടെ നാണക്കേടെല്ലാം നീങ്ങിപ്പോയി. ഏറ്റവും വലിയ

നാണക്കേട് യേശുക്രിസ്തു നീക്കം ചെയ്തിട്ടുണ്ടെങ്കിൽ, അതിന് കീഴിലുള്ളതൊന്നും നമ്മെ ബാധിക്കില്ല. എന്നിലുള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവൻ! അതിനാൽ യാതൊന്നിനും നമ്മെ ലജ്ജിപ്പിക്കാൻ കഴിയില്ല. യേശുക്രിസ്തുവിന്റെ ത്യാഗത്തിലൂടെ നമുക്ക് ഏറ്റവും വലിയ പ്രത്യാശ ലഭിച്ചു. ദൈവവുമായും അവന്റെ പുത്രനുമായുള്ള അനുരഞ്ജനം. അതിനാൽ, ഈ ഭൂമിയിലെ മറ്റെല്ലാം നമുക്ക് നിസ്സാരമായി തോന്നുന്നു.

എന്തുകൊണ്ടാണ് പ്രത്യാശ നമ്മെ ലജ്ജിതരാക്കാത്തത്? എന്തെന്നാൽ, നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നു. വിശ്വാസത്താൽ ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ സ്ഥാപിക്കുക എന്നത് പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയാണ്.

എങ്ങനെയാണ് നാം ദൈവസ്നേഹം അനുഭവിക്കുന്നത് പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിലേക്ക് ദൈവസ്നേഹം പകർന്നു നല്കുകയാണോ? അതിനായി നാം പലപ്പോഴും നമ്മുടെ വികാരങ്ങളെ ആശ്രയിക്കുന്ന ഒരു പ്രവണതയുണ്ട്, എന്നാൽ ഇത് അങ്ങനെയല്ല. ദൈവസ്നേഹം ഒരു വികാരമോ ഒരു ശാരീരിക അനുഭൂതിയോ അല്ല എന്നാലത് വാസ്തവമായതും, ഉറച്ചതും, വസ്തുനിഷ്ഠമായ സത്യവുമാണ്. നമ്മൾ അനുഭവിച്ചാലും ഇല്ലെങ്കിലും അത് ഉറപ്പുള്ള ഒരു സത്യമാണ്.

നമ്മിൽ ദൈവസ്നേഹം ഉണ്ടോ എന്ന് മനസ്സിലാക്കണമെങ്കിൽ, ആദ്യം ദൈവസ്നേഹം എവിടെയാണെന്ന് നാം അറിയേണ്ടതുണ്ട്. നമ്മുടെ ജീവിതത്തിലെ വിജ

യങ്ങളിൽ അതുണ്ടോ? ഉത്തരം ലഭിച്ച നമ്മുടെ പ്രാർത്ഥനയിലുണ്ടോ? സംശയാതീതമായി ഈ വസ്തുത സ്ഥാപിക്കുന്ന ബൈബിളിലെ രണ്ട് ഭാഗങ്ങളിലേക്ക് നമുക്ക് ശ്രദ്ധ തിരിക്കാം.

1) യോഹന്നാൻ 3:16 വായിക്കുന്നു, 'തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു.' ദൈവസ്നേഹത്തിന്റെ പ്രകടമായ ഭാവത്തെ ഈ വേദഭാഗം വിശദീകരിക്കുന്നു. ദൈവം മനുഷ്യരാശിയെ സ്നേഹിച്ചത് അവരുടെ വൈകാരിക പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടല്ല, മറിച്ച് അവർക്കുവേണ്ടി തന്റെ ഏകജാതനായ പുത്രനെ നൽകിക്കൊണ്ടാണ്. അതിനാൽ, ഈ സ്നേഹം അനുഭവിക്കുന്നതിനുള്ള ഒരേയൊരു മാർഗ്ഗം ക്രൂശിന്റെ ഈ സന്ദേശം സ്വീകരിക്കുക എന്നതാണ്. യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ രഹസ്യത്തിനുള്ളിലാണ് ദൈവസ്നേഹം മറഞ്ഞിരിക്കുന്നത്. നമ്മുടെ ജീവിതത്തിൽ ദൈവസ്നേഹം കൂടുതൽ ലഭിക്കണമെങ്കിൽ, നാം കൂടുതൽ കൂടുതൽ ദൈവവചനം പഠിക്കുകയും മനസ്സിലാക്കുകയും വേണം.

2) റോമർ 1:16-17 വായിക്കുന്നു, 'സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും, ആദ്യം യെഹൂദനും പിന്നെ യവനനും അതു രക്ഷെക്കായി ദൈവശക്തിയാകുന്നുവല്ലോ. അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിന്നായിക്കൊണ്ടും വെളിപ്പെടുന്നു.

'നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്നു എഴുതിയിരിക്കുന്നുവല്ലോ. പിതാവായ ദൈവം യേശുക്രിസ്തുവിന്റെ സുവിശേഷത്തിനുള്ളിൽ ദൈവസ്നേഹത്തെ മറച്ചുവച്ചു. ഈ സുവിശേഷം മനസ്സിലാക്കുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ ദൈവസ്നേഹം അധികമായി പകരപ്പെടുന്നു. യേശുക്രിസ്തുവിന്റെ സുവിശേഷം ശ്രവിക്കുകയും, അത് മനസിലാക്കുകയും ചെയ്യുമ്പോൾ നമുക്ക് ദൈവത്തിന്റെ സ്നേഹത്തെ വാസ്തവമായി പ്രാപിപ്പാൻ കഴിയും.

പ്രിയ വായനക്കാരേ, ഈ ലോകത്ത് മറ്റൊന്നും നമ്മെ നിലനിർത്തുകയില്ല. സുവിശേഷപ്രകാരം നമ്മുടെ കർത്താവായ യേശുക്രിസ്തു മരിച്ചു അടക്കപ്പെട്ടു ഉയർത്തെഴുന്നേറ്റു എന്ന പ്രത്യാശ നമ്മെ ഒരിക്കലും ലജ്ജിതരാക്കുകയില്ല. നാം സുവിശേഷത്തിൽ പ്രത്യാശവെക്കുമ്പോൾ നമ്മുടെ ലജ്ജ ഇല്ലാതാകുന്നു പിതാവിൽ നിന്ന് വേർപിരിഞ്ഞതിന് ദൈവമുമ്പാകെ മനുഷ്യനുണ്ടായ നാണക്കേട്. പരിശുദ്ധാത്മാവിനാൽ ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ പകർന്നു നൽകുമ്പോൾ ഈ നാണക്കേട് ഇല്ലാതാകുന്നു. ക്രിസ്തുവിന്റെ സുവിശേഷം സ്വീകരിക്കുകയും മനസ്സിലാക്കുകയും ചെയ്യുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ ഈ സ്നേഹം വസിക്കുന്നുണ്ടെന്ന് നമുക്കറിയാം.

ദൈവസ്നേഹം എപ്പോഴും നിങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിക്കട്ടെ. ആമേൻ.

***"Hey, I would like to know more."***

***Join us at:***

## Word of God Church, Dubai

**☎ +971 56 392 1933, +91 90375 88577**

**+91 90375 88577**

**wordofgodsons@gmail.com**

**www.addtofaithblog.com**

**Find us on:**

**WordofGod Church**

**thewordofgod_church**

**WordofGod Church**

*Printed and published by Word of God Church, Dubai*
*(for private circulation only)*